**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **20-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ. ടി.സി ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ പ്രദേശങ്ങളിലെ ജനങ്ങൾ ആശ്രയിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ പലതും സർവീസ് നിർത്തിയതോടെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് വരുന്ന രീതിയിൽ സർവീസുകളോ ട്രിപ്പുകളോ നിർത്തിയതായും യാത്രാക്ലേശം ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം കെ.എസ്.ആർ.ടി.സി.യുടെ തന്നെയോ മറ്റ് യാത്രാസൗകര്യങ്ങൾ ഉള്ളതോ ആയ സ്ഥലങ്ങളിൽ ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് വരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡൻസ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ദീർഘദൂര ട്രിപ്പുകൾ നിർത്തുമ്പോൾ ഒറ്റപ്പെട്ട ഭാഗങ്ങളിൽ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാട് പടന്നക്കരയിൽ നിന്നും തലശ്ശേരി മണ്ഡലത്തിലെ ഒളവിലം-മാഹി പാലം വഴി തലശ്ശേരിയിലേക്ക് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാട് പടന്നക്കരയിൽ നിന്നും തലശ്ശേരി മണ്ഡലത്തിലെ ഒളവിലം-മാഹി പാലം വഴി തലശ്ശേരിയിലേക്ക് നടത്തിയിരുന്ന സർവീസിന് 2016 ഡിസംബർ മാസത്തിൽ ശരാശരി ഇ.പി.കെ.എം. 25.84 മാത്രമായിരുന്നതിനാൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിയിരുന്നെങ്കിലും യാത്രക്കാരുടെ കുറവ് മൂലം മെച്ചപ്പെട്ട വരുമാനം ലഭിച്ചിരുന്നില്ല. ടി സർവീസ് അവസാനമായി നടത്തിയിരുന്ന 2019 |

| | | | |
|---|---|---|---|
| | | | നവംബർ മാസം ശരാശരി ഇ.പി.ബി. 5071 രൂപ മാത്രമായിരുന്നു. ടി സാഹചര്യത്തിലാണ് പ്രസ്തുത സർവീസ് നിർത്തിയത്. കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് പുനരാരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയെങ്കിലും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകാൻ സാധ്യത ഇല്ല എന്ന് കണ്ടെത്തിയതിനാൽ നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല. |
| (സി) | നിരവധി ബസ്സ് സർവ്വീസുകൾ വെട്ടിക്കുറച്ചതിനെത്തുടർന്ന് സർവീസ് നിർത്തിയതും തലശ്ശേരി-കോപ്പാലം-പാനൂർ-നിള്ളങ്ങൽ-ചെറുവാഞ്ചേരി റൂട്ടിൽ വർഷങ്ങളായി ഓടിയിരുന്നതുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ദേശസാൽകൃതമല്ലാത്ത റൂട്ട് ആയതിനാൽ തന്നെ സ്വകാര്യ സർവീസുകൾ പ്രസ്തുത റൂട്ടിൽ നിലവിൽ സർവീസ് നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസ് പുനരാരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയെങ്കിലും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകാൻ സാധ്യത ഇല്ല എന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ